സാധാരണക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയെന്നതും സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ആയാസകരമായ ഒരു കാര്യമാണ്.

29(32) പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി എടുത്ത വായ്പ

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി എന്തു തുക വായ്പയെടുത്തിട്ടുണ്ട്;

(ബി) ഇപ്രകാരം വായ്പയെടുത്ത തുകയിൽ നിന്ന് ജനകീയാസൂത്രണത്തിനു വേണ്ടി എന്തു തുക കൊടുത്തിട്ടുണ്ട്;

(സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇതിൽ നിന്നും എന്തു തുക പ്രത്യുൽപ്പാദന മേഖലയിൽ ചെലവഴിച്ചു;

(ഡി) ഇതിന്റെ ഫലമായി ഏതെല്ലാം സെക്ടറുകളിലുള്ള ഉൽപ്പാദനം വർദ്ധിക്കുകയും ഇതിന്റെ പ്രയോജനം എത്ര കാലത്തേയ്ക്ക് ഉണ്ടാവുകയും ചെയ്യുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ തുക ചെലവഴിച്ചതിന്റെ ഫലമായി പ്രത്യുൽപ്പാദന രംഗത്ത് ദീർഘകാല പ്രയോജനം സിദ്ധിക്കാത്ത പക്ഷം സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് മുരടിപ്പുണ്ടാകാനിടയുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ അത് എപ്രകാരം പരിഹരിക്കുവാൻ കഴിയും?

ഉത്തരം

(എ) പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രമായി സർക്കാർ പ്രത്യേകം വായ്പ എടുക്കാറില്ല. സർക്കാർ എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കാണ് ഉപയോഗിക്കുന്നത്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനകീയാസൂത്രണത്തിനു വേണ്ടി നാല് വാർഷിക പദ്ധതികളിലായി ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 3764 കോടി രൂപയും സംസ്ഥാന ആവിഷ്കൃത പദ്ധതി, വിവിധ വികസന വകുപ്പുകൾ മുഖേന നിർവഹണം നടത്തുന്ന പരിപാടികൾ എന്നീ ഇനങ്ങളിൽ 301.11 കോടി രൂപയും ഉൾപ്പെടെ ആകെ 4565.11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിൽ നിന്നാണ് നൽകിയിട്ടുള്ളത്. ഓരോ വാർഷിക പദ്ധതിയിലും സംസ്ഥാനത്തിന്റെ ആകെ വിഭവ സ്രോതസ്സുകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി തുക കണക്കാക്കുന്നത്. വായ്പകൾ വിഭവങ്ങളുടെ ഒരു ഇനം മാത്രമാണ്. അതിനാൽ വായ്പത്തുകയിൽ നിന്ന് ജനകീയാസൂത്രണത്തിനു വേണ്ടി നൽകിയ തുക എത്രയെന്ന് തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല.

(സി) തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണത്തിന് നൽകിയ തുകയുടെ 30 ശതമാനത്തോളം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം, മണ്ണു സംരക്ഷണം, ചെറുകിട ജലസേചനം, ചെറുകിട വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുന്ന ഉൽപ്പാദന മേഖലയിൽ ചെലവഴിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നു.

2/89/05/S.M.T.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാർഷിക വിളകൾ, പച്ചക്കറി, മുട്ട, പാൽ, തൊഴിൽ എന്നി മേഖലകളിലാണ് ജനകീയാസൂത്രണ പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ഓരോ വർഷവും ആറ് ലക്ഷത്തോളം കർഷകർക്ക് വിത്ത്, വളം, കീടനാശിനികൾ, നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്ന് വർഷങ്ങളിലായി 3,15,881 ഏക്കർ ഭൂമിയിൽ അധിക വിളയിറക്കാൻ കഴിഞ്ഞിട്ടുണ്ട്. തരിശുഭൂമി, കൃഷിഭൂമിയാക്കുകയും നിലവിലുണ്ടായിരുന്ന കൃഷിയിടങ്ങളിൽ രണ്ടാം വിളയും ഇടവിളയും ഇറക്കുകയും ചെയ്തിട്ടുണ്ട്. പച്ചക്കറി ഉൽപ്പാദനം ഗണ്യമായി ഉയരുകയുണ്ടായി. പാൽ ഉൽപ്പാദനത്തിലെ വർദ്ധന മിൽമ ശേഖരിക്കുന്ന പാലിന്റെ അളവിൽ വ്യക്തമാകുന്നുണ്ട്. 1998-99-ൽ 4.67 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് 1999-2000-ൽ 6.12 ലക്ഷം ലിറ്ററായി ഉയർന്നിട്ടുണ്ട്. 2000-2001-ൽ അത് 7.25 ലക്ഷം ലിറ്ററായി വർദ്ധിക്കുവാനാണ് സാദ്ധ്യത. വ്യവസായ മേഖലയിലും ഉണർവ് ഉണ്ടായിട്ടുണ്ട്. ഇവയുടെ ഫലമായി ഉൽപ്പാദന മേഖലയിലെ വളർച്ചയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്, എന്ന് താൽക്കാലിക കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരത്തിലുണ്ടായിട്ടുള്ള പ്രയോജനം തുടർന്നു നടത്തുന്ന വികസന പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കും.

(ഇ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടക്കുന്ന ഉൽപ്പാദന മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇടത്തര/ദീർഘകാലയളവിൽ പ്രയോജനം ലഭിക്കുന്നതാണ്. ഇതുവരെയുള്ള അനുഭവങ്ങൾ തികച്ചും ഗുണകരമാണ്. നിർമ്മാണപ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന തൊഴിൽ സാദ്ധ്യതകളും കാർഷിക മേഖലയിലെയും ചെറുകിട വ്യവസായത്തിലെയും വളർച്ചാനിരക്കും കേരളത്തിലെ സാമ്പത്തിക മുന്നേറ്റമാണ് വ്യക്തമാക്കുന്നത്. സാമ്പത്തിക മുരടിപ്പ് ഉണ്ടാകാനുള്ള സാദ്ധ്യത ഒട്ടുംതന്നെയില്ല.

(എഫ്) പ്രസക്തമല്ല.

30(33) സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള പെൻഷൻ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യസമരസേനാനികൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകുന്ന പെൻഷൻ തുക എത്രയാണ്; നിലവിലുണ്ടായിരുന്ന 2000/- രൂപ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വർദ്ധനവ് എന്നു മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്;

(ബി) വർദ്ധിപ്പിച്ച സംഖ്യ നൽകേണ്ടതില്ല എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; വർദ്ധിപ്പിച്ച സംഖ്യ വാങ്ങിയവരിൽ നിന്ന് പ്രസ്തുത സംഖ്യ തിരിച്ചു പിടിക്കാൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന പെൻഷൻ ലഭിക്കുന്ന എത്ര സ്വാതന്ത്ര്യ സമരസേനാനികൾ ഇപ്പോൾ നിലവിലുണ്ട്; ഇവരിൽ കേന്ദ്ര പെൻഷൻ ലഭിക്കുന്നവർ എത്ര?

ഉത്തരം

(എ,ബി) സംസ്ഥാന ഗവൺമെന്റ് 2000/- രൂപയാണ് നൽകിവരുന്നത്. ഈ തുക 3000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവി

LIBRARY ARCHIVES Kerala Legislative Assembly